**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 182** **24-06-2024 - ൽ മറുപടിയ്ക്ക്**

**ജീവാനന്ദം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ജീവനക്കാർക്ക് ഇഷ്ടമുള്ള തുക നിക്ഷേപിച്ച്, വിരമിച്ച ശേഷം അധിക വരുമാനം ഉറപ്പാക്കാൻ ജീവാനന്ദം എന്ന ഇൻഷ്വറൻസ് പദ്ധതിയിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; | (എ) | **പ്രതീക്ഷിക്കുന്നുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വസ്തുതാ വിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ വാർത്തകൾ പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (സി) | പൂർണ്ണമായും ഇൻഷ്വറൻസ് പദ്ധതിയായ ജീവാനന്ദത്തിന് പങ്കാളിത്ത പെൻഷൻ ഉൾപ്പെടെയുള്ള പെൻഷൻ പദ്ധതികളുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധമുണ്ടോ; | (സി) | **ബന്ധമില്ല.** |
| (ഡി) | സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് നിലവിൽ ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭ്യമാണോ; | (ഡി) | ഇല്ല. |
| (ഇ) | ഇല്ലെങ്കിൽ ഈ പദ്ധതിയിലൂടെ അത് സാധ്യമാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഇ) | കരുതുന്നുണ്ട്. സർവ്വീസ് കാലയളവിൽ തവണകളായോ വിരമിക്കുന്ന സമയത്ത് ഒരു നിശ്ചിത തുക ഒരുമിച്ചോ ഒടുക്കിക്കൊണ്ട് പ്രസ്തുത പദ്ധതിയിൽ അംഗമാകുന്ന ജീവനക്കാർക്ക് മുഴുവൻ തുകയും ഒടുക്കുന്നതിന്റെ തൊട്ടടുത്ത മാസം മുതൽ മാസം തോറും ഒരു നിശ്ചിത തുക സ്ഥിരമായി ജീവനക്കാരന്റെ/ ജീവനക്കാരിയുടെ മരണം വരെ ലഭിക്കുന്ന രീതിയിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. എന്നാൽ ഈ പദ്ധതി ഒരു നിർബന്ധിത പദ്ധതിയായല്ല വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ പഠിക്കുന്നതിന് വിദഗ്ധരെ ചുമതലപ്പെടുത്താൻ തീരുമാനമെടുത്തിട്ടുണ്ട്. റിപ്പോർട്ട് വന്ന ശേഷം മാത്രമേ തുടർനടപടികളെപ്പറ്റി ആലോചിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ